"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- വയനാട് മാനന്തവാടി നഗരസഭയിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് മിന്നൽപരിശോധന ബന്ധപ്പെട്ട് വിജിലൻസ് & ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപരിശോധന- കുറ്റാരോപിതർക്കെതിരെ അച്ചടക്കനടപടി- 1960ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.579/2026/LSGD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.12.2017-ലെ E16-(SC-24/16/WYD)8093/16 നമ്പർ കത്തും അനുബന്ധ റിപ്പോർട്ടും
2. 02.03.2021-ലെ EW2/50/2018-LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. ഓവർസിയർ ശ്രീ. ഇ.ആർ.ബാലൻ 09/2021 -ൽ സമർപ്പിച്ച പ്രതിവാദപത്രിക

**ഉത്തരവ്**

വയനാട് മാനന്തവാടി നഗരസഭയിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ലഭ്യമാക്കി. വിജിലൻസ് റിപ്പോർട്ടിൽ കുറ്റാരോപിതനായ ഓവർസിയർ ശ്രീ. ഇ.ആർ.ബാലനെതിരെ (PEN-610510 DoR-30.04.2034) 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 2 കുറ്റപത്രം/കുറ്റാരോപണപത്രിക നൽകി. പരാമർശം 3 പ്രതിവാദപത്രികയിൽ കുറ്റാരോപിതനായ ഓവർസിയർ ശ്രീ. ഇ.ആർ.ബാലൻ തനിക്കെതിരെയുള്ള കുറ്റങ്ങൾ നിഷേധിച്ചു.

2. മാനന്തവാടി നഗരസഭയിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓവർസിയർ ശ്രീ. ഇ.ആർ.ബാലനെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള

നടപടിക്രമത്തിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിനായി കൽപ്പറ്റ ബ്ളോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ശ്രീരാഗ് ആർ.കെ. (PEN: 685397)-യെ അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് ഉത്തരവാകുന്നു.

3. 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, Manual of Disciplinary Proceedings എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം, സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനകം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീ. ശ്രീരാഗ് ആർ.കെ.(PEN: 685397), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൽപ്പറ്റ ബ്ളോക്ക് പഞ്ചായത്ത്, വയനാട്.
2. ശ്രീ. ഇ.ആർ.ബാലൻ (PEN-610510), ഓവർസിയർ.

**(1, 2 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**

3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം .
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. സ്റ്റോക്ക് ഫയൽ (EW2/50/2018-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 05-03-2026 11:20:53
സെക്ഷൻ ഓഫീസർ